**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമേഖലാ സ്ഥാപനങ്ങളിലെ ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് പ്രത്യേക ഉത്സവബത്ത അനുവദിച്ചും മറ്റ് ജീവനക്കാർക്ക് പ്രത്യേക ഉത്സവബത്ത അനുവദിയ്ക്കുന്നതിനുള്ള തുക ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകിയും- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പബ്ലിക്ക് അണ്ടർടേക്കിംഗ്-സി) വകുപ്പ്**

സ.ഉ(പി) നം. 148/2018/ധന തിരുവനന്തപുരം,തീയതി,25.09.2018.

---

പരാമർശം :- 1. 08.08.2018-ലെ സ.ഉ(പി) നം.124/2018/ധന.നം.ഉത്തരവ്.
2.10.08.2018-ലെ സ.ഉ(പി)നം.68/2018/തൊഴിൽ നം.ഉത്തരവ്.
3.18.08.2018-ലെ സ.ഉ (പി)നം.134/2018/ധന.നം. ഉത്തരവ്
4.21.08.2018-ലെ 76/2018/ധന നം.സർക്കുലർ.

**ഉത്തരവ്**

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 2017-18 -ലെ ബോണസ് /പ്രത്യേക ഉത്സവബത്ത അനുവദിച്ചിരുന്നു. പരാമർശം 2-ലെ ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2017-2018 വർഷത്തെ ബോണസ് നൽകുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകാൻ തീരുമാനിച്ചിരുന്ന പ്രത്യേക ഉത്സവബത്തയായ 2750/- രൂപ ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ജീവനക്കാരുടെ സംഭാവനയായി നൽകി പരാമർശം 3,4 എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നാം ഓണത്തിനു മുമ്പ് (24.08.2018)സേവനത്തിലുള്ളതും എന്നാൽ നാലാം ഓണത്തിനുമുമ്പ് (27.08.2018) സേവനത്തിൽ നിന്നും നീക്കം ചെയ്യിട്ടില്ലാത്തതുമായ ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് 1210/- രൂപ നിരക്കിൽ പ്രത്യേക ഉത്സവബത്ത അനുവദിച്ച് ഉത്തരവാകുന്നു.

അതോടൊപ്പം പരാമർശം 2-ലെ ഉത്തരവ് പ്രകാരം ബോണസ് നൽകിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, ബോണസിന് അർഹതയില്ലാത്ത ജീവനക്കാർക്ക് 2750/- രൂപ നിരക്കിൽ പ്രത്യേക ഉത്സവബത്ത അനുവദിക്കുന്നതിനായി മാറ്റിവച്ചിട്ടുള്ള മുഴുവൻ തുകയും ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകേണ്ടതാണെന്നും ഉത്തരവാകുന്നു. പ്രസ്തുത തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള 701010200000080 നമ്പർ ട്രഷറി അക്കൗണ്ടിലേക്കോ, ബാങ്ക് മുഖേന ശമ്പളം

നൽകുന്ന സ്ഥാപനങ്ങൾ SBI A/C No.67319948232 ലേക്കോ വരവ് ചെയ്യേണ്ടതും വിശദ വിവരം ധനകാര്യ (ഫണ്ട്സ്) വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ.ഷർമ്മിള മേരി ജോസഫ് ഐ.എ.എസ്**
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി

പകർപ്പ്-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി& എസ്.എസ്.എ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം
3. പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് (BPE) വകുപ്പ്
4. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും / ബോർഡുകളുടെയും / കോർപ്പറേഷന്റെയും ചീഫ് എക്സിക്യൂട്ടീവ്സ്.
5. ലേബർ കമ്മീഷണർ, തിരുവനന്തപുരം.
6. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ /സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർ സെക്രട്ടറിമാർ
7. ഗവർണ്ണറുടെ സെക്രട്ടറി
8. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
9. സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
11. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
12. പബ്ലിക് റിലേഷൻ ഡയറക്ടർ, തിരുവനന്തപുരം
13. നോഡൽ ഓഫീസർ www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ